(ബി) നിലപാടുതറ എന്നുമുതൽക്കാണ് പ്രവർത്തനരഹിതമായത് എന്ന് വെളിപ്പെടുത്താമോ;

(സി) നിലപാടുതറയ്ക്ക് അനുവദിച്ചുകൊടുത്ത ഭൂമി എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആരുടെ പേരിലാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത സ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1964 മുതൽ നിലപാടുതറ പ്രവർത്തനരഹിതമായി എന്ന് അറിയുന്നു.

(സി) ഇതിനായി അനുവദിച്ച ഭൂമി എത്രയാണ് എന്ന് അറിയാൻ ഉതകുന്ന രേഖകൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ് എന്ന് അറിയുന്നതിനുള്ള രേഖകളും ലഭ്യമായിട്ടില്ല. ഇപ്പോൾ ഈ പറയപ്പെടുന്ന സ്ഥലത്താണ് കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം സ്ഥിതിചെയ്യുന്നത്.

(ഇ) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, ബാക്കി സ്ഥലം ഉണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാകാതെ ഇക്കാര്യം പരിശോധിക്കുവാൻ നിവൃത്തിയില്ല.

കാസർഗോഡ് ജില്ലയിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ തസ്തിക

148 [3849] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വികസനവകുപ്പിൽ എത്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ തസ്തികകളുണ്ടെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യയിൽ വർദ്ധനവുണ്ടായതിന്റെ അടിസ്ഥാനത്തിൽ ടി.ഇ.ഒ. മാരുടെ കൂടുതൽ തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന്.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വെബ്സൈറ്റ്

149 [3850] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് വെബ്സൈറ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വെബ്സൈറ്റ് നിലവിൽ വന്നതെന്നാണെന്നും ഇത് ഡിസൈൻ ചെയ്തത് ഏത് സ്ഥാപനമാണ് എന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പൂർണ്ണമായ മേൽവിലാസം ലഭ്യമാക്കുമോ;

(ഡി) വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനായി പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വെബ്സൈറ്റ് 2002 ഏപ്രിൽ 12-ന് നിലവിൽ വന്നു. വെബ്സൈറ്റ് ഡിസൈൻ ചെയ്തത് M/s Dot EXE Solutions എന്ന പ്രൊപ്രൈറ്ററി സ്ഥാപനമാണ്. ഇതിനായി മൊത്തം 13,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തുടർന്നുള്ള മാറ്റങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനും പുതിയ പദ്ധതികൾക്ക് പേജ് ക്രിയേഷൻ ചെയ്തതിനും, ഡൊമെയിൻ നെയിം പുതുക്കിയതിനും പേജുകളിൽ മാറ്റം വരുത്തിയതിനുമായി 11,790 രൂപയും ഇതുവരെ ചെലവായിട്ടുണ്ട്.

(സി) V. B. ശ്രീലാൽ പ്രൊപ്രൈറ്റർ Dot EXE Solutions സ്വാതി, ചാടിയറ ലെയിൻ, പൂജപ്പുര, തിരുവനന്തപുരം.

(ഡി) വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം Dot EXE Solutions എന്ന സ്ഥാപനമാണ് കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ സമർപ്പിച്ചത്. അതുകൊണ്ടാണ് വെബ്സൈറ്റ് ഡിസൈൻ ചെയ്യാൻ Dot EXE Solutions - നെ തെരഞ്ഞെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly